"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പി.എസ്.സി. മുഖേന നിയമന ശിപാർശ ലഭിച്ച് നിയമനാധികാരികളിൽ നിന്ന് നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ.ഉ.(കൈ) നം.10/2020/ഉ.ഭ.പ.വ** തീയതി,തിരുവനന്തപുരം, 14/09/2020

പരാമർശം:- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 17.04.2020ലെ സ.ഉ.(എം.എസ്) നം. 77/2020/പൊഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ ലോക്ക്ഡൗൺ കാലാവധി അവസാനിക്കുന്നതുവരെ, പി.എസ്.സി. മുഖേന നിയമന ശിപാർശ ലഭിച്ച് നിയമനാധികാരികളിൽ നിന്ന് നിയമന ഉത്തരവ് ലഭിച്ച, ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച നല്കി കൊണ്ട് പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് പരാമർശം ഒന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിൽ സംസ്ഥാനത്ത് ലോക്ക് ഡൗൺ നിലവിലില്ലാത്ത സാഹചര്യത്തിലും, അന്താരാഷ്ട്ര/അന്തർസംസ്ഥാന/അന്തർജില്ലാ യാത്രകൾ പുനരാരംഭിച്ചിട്ടുള്ള സാഹചര്യത്തിലും പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾ നിലവിൽ ബാധകമല്ല. കോവിഡ് 1 9 വ്യാപന സാഹചര്യത്തിൽ വിദേശത്തും അന്യ-സംസ്ഥാനങ്ങളിലും അകപ്പെട്ടുപോയതും, പി.എസ്.സി. നിയമനശുപാർശ ലഭിച്ച് നിയമനാധികാരികളിൽ നിന്ന് നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിലവിലെ സ്ഥിതിയിൽ സംസ്ഥാനത്ത് എത്തി ചേരാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആരോഗ്യ വകുപ്പ് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 വ്യാപന സാഹചര്യം കണക്കിലെടുത്ത് നിയമന ഉത്തരവ് ലഭിച്ച സർക്കാർ സേവനത്തിൽ പ്രവേശിക്കുവാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവേശന കാലാവധി ദീർഘിപ്പിച്ച നൽകുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.

i. നിയമനാധികാരി നൽകിയ നിയമന ഉത്തരവ് ലഭിച്ചിട്ട് ജോലിയിൽ പ്രവേശിക്കാതെ നിൽക്കുന്ന നിലവിൽ സംസ്ഥാനത്തിനകത്തുള്ള ഉദ്യോഗാർത്ഥികളിൽ താഴെപറയുന്ന വിഭാഗക്കാരൊഴികെയുള്ളവരോട് 10 ദിവസങ്ങൾക്കകം അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നല്കാവുന്നതാണ്.

ii. നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥി നിലവിൽ കോവിഡ് 1 9 ബാധിതനാണ എന്നറിയിച്ചുകൊണ്ട് പ്രവേശനസമയം ദീർഘിപ്പിച്ചുനൽകുവാൻ അവർ അപേക്ഷിക്കുന്നപക്ഷം അവരുടെ രോഗം ഭേദമായതിനുശേഷമുള്ള നിരീക്ഷണ കാലഘട്ടംകൂടി പൂർത്തിയാക്കിയതിനുശേഷം ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം ക്വാറന്റൈൻ കാലയളവ് പൂർത്തിയാക്കിയ സാക്ഷ്യപത്രം ലഭിച്ച പത്ത് ദിവസങ്ങൾക്കകം ജോലിയിൽ പ്രവേശിക്കുവാൻ അനുമതി നൽകാവുന്നതാണ്.

iii. ഹോട്ടസ്പോട്ട് / കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെട്ടവർ പ്രവേശനസമയം ദീർഘിപ്പിച്ചുനൽകുവാൻ അപേക്ഷിക്കുന്നപക്ഷം അവർ ഉൾപ്പെട്ട പ്രദേശം കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കിയശേഷം 10 ദിവസത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

iv. ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം നിരീക്ഷണത്തിൽ തുടരുന്നവർ അവരുടെ നിരീക്ഷണ കാലഘട്ടം പൂർത്തിയാക്കിയതിനുശേഷം, ക്വാറന്റൈൻ കാലയളവ് പൂർത്തിയാക്കിയെന്ന ആരോഗ്യവകുപ്പിന്റെ സാക്ഷ്യപത്രം ലഭിച്ച പത്ത് ദിവസങ്ങൾക്കകം ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

v. നിയമന ഉത്തരവ് ലഭിച്ചിട്ടും കോവിഡ് 19 വ്യാപന സാഹചര്യത്തിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ, അന്യ സംസ്ഥാനങ്ങളിൽ അകപ്പെട്ടുപോയ ഉദ്യോഗാർത്ഥികൾക്ക് പ്രവേശനസമയം ദീർഘിപ്പിച്ചുനൽകുവാൻ അവർ അപേക്ഷിക്കുന്നപക്ഷം, കോവിഡ് 1 9 നിർവ്യാപന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിരമായി സംസ്ഥാനത്ത് എത്തിച്ചേരുവാനും, ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിർദ്ദിഷ്ട ക്വാറന്റൈൻ കാലയളവ് പൂർത്തിയാക്കിയ സാക്ഷ്യപത്രം ലഭിച്ച് പത്ത് ദിവസങ്ങൾക്കകം സർവ്വീസിൽ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

vi. നിയമന ഉത്തരവ് ലഭിച്ചിട്ടും / നിയമന ഉത്തരവ് (രജിസ്റ്റേർട് പോസ്റ്റ്) കൈപ്പറ്റാൻ കഴിയാത്ത സാഹചര്യത്തിലും, ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വിദേശത്ത് അകപ്പെട്ടുപോയ ഉദ്യോഗാർത്ഥികൾക്ക് പ്രവേശനസമയം ദീർഘിപ്പിച്ചുനൽകുവാൻ അവർ അപേക്ഷിക്കുന്നപക്ഷം, അതാത് രാജ്യങ്ങളിൽ നിന്ന് അന്താരാഷ്ട്ര വിമാനസർവീസ് പുനരാരംഭിച്ച നാട്ടിൽ മടങ്ങിയെത്തി, ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം ക്വാറന്റൈൻ കാലയളവ് പൂർത്തിയാക്കിയ സാക്ഷ്യപത്രം ലഭിച്ച പത്ത് ദിവസങ്ങൾക്കകം സർവ്വീസിൽ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

vii. മേൽ വ്യവസ്ഥകൾ പാലിക്കാതെ നിർദിഷ്ട കാലാവധിക്കുള്ളിൽ സർവീസിൽ പ്രവേശിക്കാത്ത ഉദ്യോഗാർഥികളുടെ ഒഴിവ് എൻ ജെ ഡി ഒഴിവായി കണക്കാക്കി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

viii. സർവീസിൽ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട മേൽ വ്യവസ്ഥകൾ ഉദ്യോഗാർത്ഥികളെ അറിയിക്കുന്നത് registered with acknowledgement കത്തിലൂടെ തന്നെയാണെന്ന് നിയമനാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

3. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് അതാത് ഭരണ വകുപ്പുകൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

<u>പകർപ്പ്</u>

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ
വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിയ്ക്കുന്നതിനായി)
എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള
സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്

www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*MENTORS KERALA*